**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **30-06-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ 2020-21 വർഷത്തിൽ DMSB സ്കൂൾ കക്കയൂർ, ഗവൺമെന്റ് ടെക്നിക്കൽ എച്ച്.എസ്, മരുതുർ റോഡ്, പാലക്കാട് എന്നീ സ്കൂളുകളിലും 2021-22 വർഷത്തിൽ മൗണ്ട് കാർമൽ യു.പി.എസ്, ജെല്ലിപ്പാറ, അഗളി, VPAUP സ്കൂൾ കണ്ടൂർക്കുന്ന് എന്നീ സ്കൂളുകളിലും 2022-23 വർഷത്തിൽ കല്ലടി എച്ച്.എസ്.എസ്,<br>കുമരംപുത്തൂർ, എം.ഇ.എസ്.എച്ച്.എസ്.എസ് മണ്ണാർക്കാട് എന്നീ സ്കൂളുകളിലും വിദ്യാവനം പദ്ധതി നടപ്പലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കാമോ ; | (ബി) | ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലം ആവശ്യമാണ്. ടി സൗകര്യമുള്ളതും, ഫോറസ്ട്രി ക്ലബുകൾ സജീവമായി പ്രവർത്തിക്കുകയും സ്കൂൾ മേലധികാരി സമ്മതം അറിയിക്കുകയും ചെയ്യുന്ന സ്കൂളുകളെ വിദ്യാവനം പദ്ധതിയ്ക്കായി തിരഞ്ഞെടുക്കുന്നു. ഒരു വിദ്യാവനത്തിന് വനം വകുപ്പ് പരമാവധി രണ്ട് ലക്ഷം രൂപ ചെലവുകൾക്കായി നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വിദ്യാവനം പദ്ധതി വിപുലമാക്കുന്നതിനായി ഫീൽഡ്തലത്തിൽ സ്കൂളുകളിൽ സ്ഥലപരിശോധനയും ചർച്ചയും നടത്തി സ്കൂൾ അധികാരികളുടെ സമ്മതത്തോട് കൂടി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ